എന്നാൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തണമെന്നാവശ്യപ്പെട്ട് തമിഴ്നാട്ടിലെ ചില സംഘടനകൾ വിവിധ കോടതികളിൽ കേസു കൊടുക്കുകയും ഇതിനെതിരെ കേരളത്തിലെ സംഘടനകൾ വിവിധ കോടതികളിൽ കൊടുത്ത കേസുകളും സുപ്രീം കോടതിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് ഡോ. സുബ്രഹ്മണ്യം സ്വാമി സുപ്രീംകോടതിയിൽ ട്രാൻസ്ഫർ പെറ്റീഷൻ ഫയൽ ചെയ്യുകയും ടി കേസുകൾ ട്രാൻസ്ഫേർഡ് കാറ്റഗറിയിലേക്കു മാറ്റിയപ്പോൾ സംസ്ഥാന താല്പര്യം സംരക്ഷിക്കുവാനായി കേരള സർക്കാർ ഒരു അഫിഡവിറ്റ് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇത് കോടതിയുടെ പരിഗണനയിലാണ്.

പറമ്പിക്കുളം-ആളിയാർ നദീജല കരാർ ചർച്ച

110 [1585] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, എൻ. ഡി. അപ്പച്ചൻ :
,, ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നതിന് നടന്ന ചർച്ചയുടെ ഫലമായി കരാർ നടപ്പാക്കുമ്പോൾ തമിഴ്നാടിനും കേരളത്തിനും ഉണ്ടാകുന്ന ഗുണദോഷവശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന് കൂടുതൽ ഗുണം കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് ഇനിയും സ്വീകരിക്കേണ്ടത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നതിനു വ്യവസ്ഥയില്ല. മുപ്പത് വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്യുന്നത്. അതനുസരിച്ച് 1988-ൽ തുടങ്ങിയ പുനരവലോകന ചർച്ചകൾ പൂർത്തിയായിട്ടില്ല. മാർച്ച് മാസത്തിൽ നടത്താൻ ധാരണയായിട്ടുള്ള മുഖ്യമന്ത്രിതല ചർച്ചകൾക്ക് ശേഷമേ വിശദാംശങ്ങൾ വ്യക്തമാവുകയുള്ളു.

(ബി) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലും ലോവർനീരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്തും ലഭിക്കുന്ന ജലത്തിൽ തമിഴ്നാടിന് അവകാശപ്പെട്ട 16.5 ടി. എം. സി. ജലത്തിന് മുകളിൽ വരുന്ന 2.5 ടി. എം. സി. ജലം ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനായി ലഭ്യമാക്കണം എന്ന് പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും ലോവർ നീരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്തും ലഭിക്കുന്ന ജലത്തിന്റെ ശരാശരി വാർഷിക ജലലഭ്യത 10.135 ടി. എം. സി. മാത്രമാണെന്ന് കഴിഞ്ഞ 30 വർഷത്തെ ഗേജിംഗ് വ്യക്തമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ 16.5 ടി. എം. സി. എന്ന അടിസ്ഥാന പരിധി കുറയ്ക്കണമെന്ന് പുനരവലോകന ചർച്ചകളിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. നീരാർ വിയറിൽ നിന്നും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള നാലുമാസ കാലയളവിലേക്കാണ് കേരളത്തിലേക്ക് ജലം തുറന്നുവിടാൻ കരാറിൽ വ്യവസ്ഥ ചെയ്യുന്നത്. കേരള ഗവൺമെന്റിന്റെ പര്യാലോചനയിലിരിക്കുന്ന പെരിയാർ തടത്തിലെ ജലസംഭരണികൾ പ്രവർത്തിച്ചുതുടങ്ങുന്നതുവരെ മാത്രമാണ് ഈ വ്യവസ്ഥ. പെരിയാർ തടത്തിലെ ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് ഓരുവെള്ള നിർമ്മാർജനത്തിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും അപ്പർ നീരാറിലെ ജലം സ്ഥിരമായി കേരളത്തിനു വിട്ടുതരണമെന്ന് തമിഴ്നാടിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ചിറ്റൂർ പ്രദേശത്തെ കൃഷിക്കായി കൂടുതൽ വെള്ളം മണക്കടവിൽ യഥാസമയം ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ചർച്ചകളിലൂടെ, ഈ ആവശ്യങ്ങൾ തമിഴ്നാടിനെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം

111 [1586] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
,, ജോർജ് ജെ. മാത്യു :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം എസ്. എൻ. സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് നൽകിയതിലെ ക്രമക്കേടിനെപ്പറ്റിയുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(സി) എങ്കിൽ അതിലെ നിഗമനമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി ആന്റ് സി) ബാധകമല്ല.

[1587]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly